**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1825** **15-03-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റികരയിലെ യാത്രാ ക്ലേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട്, കുളത്തൂർ, തിരുപുറം, അതിയന്നൂർ, നെയ്യാറ്റിൻകര നഗരസഭ എന്നീ പ്രദേശങ്ങളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര, പൂവ്വാർ, പാറശ്ശാല, കാട്ടാക്കട, വിഴിഞ്ഞം എന്നീ സ്റ്റേഷനുകളിൽ നിന്നും 2021-22 വർഷത്തിൽ എത്ര പുതിയ സർവ്വീസുകൾ ആണ് ആരംഭിച്ചത് എന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട്, കുളത്തൂർ, തിരുപുറം, അതിയന്നൂർ, നെയ്യാറ്റിൻകര നഗരസഭ എന്നീ പ്രദേശങ്ങളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് 2021-22 വർഷത്തിൽ കെ.എസ്.ആർ.ടി.സി. പാറശ്ശാല ഡിപ്പോയിൽ നിന്നും 6-ഉം, പൂവാർ ഡിപ്പോയിൽ നിന്നും 2-ഉം പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം, നെയ്യാറ്റിൻകര, കാട്ടാക്കട ഡിപ്പോകളിൽ നിന്നും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല. |
| (ബി) | 2019, 2020 വർഷങ്ങളിൽ ഉണ്ടായിരുന്ന എത്ര ഷെഡ്യൂൾ ആണ് നിർത്തിവച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) | 2019, 2020 വർഷങ്ങളിൽ ഉണ്ടായിരുന്ന ഷെഡ്യൂളുകളിൽ വിഴിഞ്ഞം ഡിപ്പോയിൽ നിന്നും 1-ഉം, നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും 17-ഉം, പാറശ്ശാല ഡിപ്പോയിൽ നിന്നും 12-ഉം, കാട്ടാക്കട ഡിപ്പോയിൽ നിന്നും 18-ഉം, പൂവാർ ഡിപ്പോയിൽ നിന്നും 9 ഷെഡ്യൂളുകളുമാണ് നിർത്തി വച്ചത്. |
| (സി) | നെയ്യാറ്റിൻകരയിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള നടപടികളാണ് ആവിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | യാത്രാക്ലേശം പരിഹരിക്കുന്നതിനായി വിഴിഞ്ഞം, നെയ്യാറ്റിൻകര യൂണിറ്റുകളിൽ നിന്നും സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ